പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3647 — 19-02-2013 -ൽ മറുപടിക്ക്.

## ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റ് കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റ് കടത്ത് നടക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 2012-ൽ അനധികൃതമായി സ്പിരിറ്റ് കടത്തിയ ലോറികളിൽ എത്ര എണ്ണം പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്; | (ബി) 2012-ൽ അനധികൃതമായി സ്പിരിറ്റ് കടത്തിയ 8 ലോറികൾ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) ചെക്ക് പോസ്റ്റുകളിലൂടെ എക്സൈസുകാരുടെ ഒത്താശയോടു കൂടിയുള്ള സ്പിരിറ്റ് കടത്തുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതുതടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും, മൂന്ന് മാസത്തിലൊരിക്കൽ പുതിയ ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, സ്പിരിറ്റ് കടത്തിന് ഒത്താശ ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ആഫീസർ